# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 280** **05.03.2012 ൽ മറുപടിക്ക്**

## *എം.എൽ.എ ഫണ്ടിന്റെ വിനിയോഗം*

**ചോദ്യം** **ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി
ശ്രീ. കെ.എം. മാണി.

| | | |
|---|---|---|
| എ. | എം.എൽ.എ ഫണ്ട് ഉപയോഗിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങളിൽ കാലാനുസൃതമായി മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ; | എം.എൽ.എ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് 27.05.2004-ലെ 247/2004/ധന. നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ കാലാനുസൃതമായി ഭേദഗതികൾ വരുത്താറുണ്ട്. എം.എൽ.എ ഫണ്ട് 75 ലക്ഷം രൂപയായിരുന്നത് ഒരു കോടിയായി ഉയർത്തിയിട്ടുണ്ട്. പൊതു ജനോപകാരപ്രദമായതും ദീർഘകാലം നിലനിൽക്കുന്നതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് ഉതകുന്ന പ്രവൃത്തികൾക്ക് വേണ്ടി എം.എൽ.എ മാരുടെ നിർദ്ദേശ പ്രകാരമാണ് മാർഗ്ഗരേഖയിൽ ഭേദഗതി വരുത്താറുള്ളത്. കൂടാതെ ഒഴിച്ചു കൂടാനാകാത്ത സന്ദർഭങ്ങളിൽ മാർഗ്ഗരേഖയിലെ നിബന്ധനകളിൽ ഇളവ് നൽകി പ്രത്യേക ഉത്തരവും നൽകാറുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ റോഡ് അപ്ഗ്രഡേഷൻ പണികൾ കൂടി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൻ കീഴിൽ ഏറ്റെടുത്ത് നടത്താൻ ഉതകുന്ന തരത്തിൽ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| ബി. | എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ പരിശോധന നടത്തുന്നത് ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനാണെന്ന് വെളിപ്പെടുത്താമോ; | മാർഗ്ഗരേഖയുടെ ഖണ്ഡിക 5(1) പ്രകാരമാണ് പ്രവൃത്തികളുടെ പരിശോധന നടത്തേണ്ടത്. ഓരോ വർഷവും 10% പ്രവൃത്തികളെങ്കിലും ജില്ലാ തലവന്മാർ സന്ദർശിക്കണം. അതു പോലെ തന്നെ നിർവ്വഹണ ഏജൻസികളുടെ മുതിർന്ന ഉദ്യോഗസ്ഥർ പ്രവൃത്തികൾ നിരന്തരം സന്ദർശിച്ച് വിലയിരുത്തണം. ജില്ലകളിലെ ബ്ലോക്ക്, സബ് ഡിവിഷൻ തലത്തിലുള്ള ഉദ്യോഗസ്ഥരും സന്ദർശനം നടത്തണം. കഴിയാവുന്നത്ര പ്രവൃത്തി സന്ദർശനത്തിന് കളക്ടർമാർ എം.എൽ.എ മാരെയും ഉൾപ്പെടുത്തണം. |
| സി. | ഡെപ്യൂട്ടി കളക്ടറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ കുറവ് മൂലം പ്രവർത്തനങ്ങളുടെ പരിശോധനാ നടപടികൾ ജൂനിയർ സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | ജില്ലാ കളക്ടർമാർക്ക് പരിശോധനാ സംബന്ധമായ ജോലി കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പ്രാപ്തരായ കീഴ് ഉദ്യോഗസ്ഥരെ അതിനായി ചുമതലപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**